# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2204      8/12/2015-ൽ മറുപടിക്ക്**

## ഡി.ആർ.ഐ.പി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി അണക്കെട്ടുകളുടെ നവീകരണത്തിനായി നടപ്പാക്കുന്ന ഡി. ആർ.ഐ.പി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്.World Bank, C.W.C (Central Water Commission), കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ്, ഇലക്ട്രിസിറ്റി ബോർഡ് എന്നിവർ പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗതിയും യഥാസമയം വിലയിരുത്തുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും സമയ പരിധിക്കുള്ളിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സാധിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) 25.41 ദശലക്ഷം ഡോളറിന്റെ ഭരണാനുമതിയാണ് അണക്കെട്ടുകളുടെ നവീകരണത്തിനായി വൈദ്യുതി ബോർഡ് നൽകിയിട്ടുള്ളത്. 12 ജലവൈദ്യുത പദ്ധതികളിലായി 52 കോടി രൂപയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ടെണ്ടർ ക്ഷണിക്കുകയും അതിൽ 6 പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്.<br>പദ്ധതി പ്രവർത്തനങ്ങൾ സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ